അബ്ദുർറഹ്മാൻ ചെറുവാടി
archeruvadi61@gmail.com

# താഴോട്ടു നോക്കൂ, സമാധാനമുണ്ടാകും

وَعَنْ أَبِي هُرَيْرَةَ رضى الله عنه قَالَ: قَالَ رَسُولُ اَللَّهِ صلى الله عليه وسلم انْظُرُوا إِلَى مَنْ هُوَ أَسْفَلَ مِنْكُمْ, وَلَا تَنْظُرُوا إِلَى مَنْ هُوَ فَوْقَكُمْ, فَهُوَ أَجْدَرُ أَنْ لَا تَزْدَرُوا نِعْمَةَ اَللَّهِ عَلَيْكُمْ (مُتَّفَقٌ عَلَيْهِ)

**അബൂഹുറൈറ (റ) യിൽ നിന്ന്; അല്ലാഹു വിന്റെ ദൂതൻ പറഞ്ഞു: 'നിങ്ങളേക്കാൾ താഴെ കിടയിലുള്ളവരിലേക്ക് നോക്കുക. നിങ്ങളേക്കാൾ ഉയർന്ന നിലയിലുള്ള വരിലേക്ക് നോക്കരുത്. അല്ലാഹു നിങ്ങൾക്ക് ചെയ്തു തന്ന അനുഗ്രഹങ്ങളെ വില കുറച്ചു കാണാതിരിക്കാൻ അതാണ് ഏറ്റവും ഉചിതം' (ബുഖാരി, മുസ്‌ലിം).**

ആസ്വാദ്യകരമായ ജീവിതം ഏതൊരാളുടെയും വലിയ അഭിനിവേശമാണ്. അതിനു വേണ്ടിയാണ് ഈ പങ്കപ്പാടുകളെല്ലാം. നല്ല വിദ്യഭ്യാസം സമം നല്ല സംസ്‌കാരം എന്നത് വഴിമാറി നല്ല വരുമാനം എന്നായതും ഈയൊരു അലോചനയിലാണ്. അതെത്തിപ്പിടിക്കുക പക്ഷേ, എളുപ്പമല്ല. പൂന്താനത്തിന്റെ വാക്കുകളിൽ,

അർഥമെത്ര വളരെയുണ്ടായാലും
തൃപ്തിയാകാ മനസ്സിന്നൊരു കാലം.
പത്തു കിട്ടുകിൽ നൂറു മതിയെന്നും
ശതമാകിൽ സഹസ്രം മതിയെന്നും'
മനുഷ്യന്റെ ഉത്കർഷേഛ തിടം വെച്ചുകൊണ്ടേയിരിക്കും.

ഉണ്ണാനും ഉടുക്കാനും ഉറങ്ങാനുമുള്ളതുണ്ടാവണമെന്നത് അടിസ്ഥാനാവശ്യം. അതൽപം സമൃദ്ധിയോടെ കിട്ടുന്നുണ്ടെങ്കിൽ സന്തോഷം! അതിനപ്പുറമുള്ളത് മോഹങ്ങളാണ്. ഒരിക്കലും അടങ്ങാത്ത അലമാലകളാണത്. പ്രവാചകനൊരിക്കൽ അതിങ്ങനെ വിശദീകരിച്ചു: ''ആദം പുത്രന് ഒരു സ്വർണത്താഴ്‌വര കിട്ടിയാൽ രണ്ടെണ്ണം കിട്ടിയെങ്കിൽ എന്നവനാശിക്കും. മണ്ണിനു മാത്രമേ അവന്റെ വായ നിറക്കാനാവൂ.''

സമ്പന്നന്റെ ജീവിതം കണ്ട് ആകാശകുസുമം തേടിയിറങ്ങുന്നത് ഇന്നൊരു മനോരോഗം പോലെ വളർന്നിട്ടുണ്ട്. അയൽപക്കത്തെ വീടിനേക്കാളും വലിയ വീടും സൗകര്യങ്ങളും തനിക്കുണ്ടാവണം എന്നാഗ്രഹിക്കുന്നത് തെറ്റല്ല. പക്ഷേ അതൊതുക്കി വെക്കാവുന്ന കൊക്കുണ്ടാവണം. ഇല്ലെങ്കിൽ പിന്നെ അതുകൊണ്ടെന്തു കാര്യം! മനസ്സ് വ്രണമാകാനും പക ഉള്ളിൽ മൂക്കാനും ഉമിത്തീയിലകപ്പെട്ടവനെപ്പോലെ അസൂയ കൊണ്ട് നീറി നശിക്കാനും വഴിയൊരുങ്ങുമെന്നല്ലാതെ അതുകൊണ്ടെന്തു പ്രയോജനം? ഈ രോഗം ഒരു പരിധിവരെ നൈസർഗികമാണ്. മനുഷ്യന്റെ ജീവിതലക്ഷ്യം ഭൗതികസുഖമാണെന്നും അതിനു തടസ്സം സമ്പന്ന ദരിദ്ര ഭേദമാണെന്നും സിദ്ധാന്തിച്ച ജീവിത പ്രത്യയശാസ്ത്രങ്ങൾക്കും മനുഷ്യന്റെ ഉള്ളിൽ ഈ അമിതോപഭോഗ തൃഷ്ണയുടെ തീകോരിയിടുന്നതിൽ കാര്യമായ പങ്കുണ്ട്. കടം വാങ്ങിയും കാണം വിറ്റും ഉള്ളത് വട്ടിപ്പലിശക്കാരനു പണയപ്പെടുത്തിയും വലിയവനെ അനുകരിച്ച് സാധാരണക്കാരൻ കുളം തോണ്ടാനും ഒടുക്കം ആത്മഹത്യയിൽ അഭയം തേടാനും ഹേതു ഈ മനോഭാവത്തിന് മനുഷ്യൻ അടിപ്പെട്ടുപോയതാണ്.

'ഭൗതികലോകം വിശ്വാസിയുടെ തടവറയും നിഷേധിയുടെ പറുദീസയുമാണ്' (ബുഖാരി) എന്ന പ്രവാചക വചനം വരച്ചിടുന്ന ആശയതലം ജീവിതത്തിലേക്ക് പകർത്തിവെക്കുന്ന മനഷ്യൻ എന്തു മാത്രം ഭാഗ്യവാനാണ്! നബിയുടെ സഖാക്കളിൽ പെട്ട അഹ്‌ലുസ്സുഫ്ഫയുടെ ജീവിതാനുഭവം പറയുന്നത് അതാണ്. എഴുപതോളം വരുന്ന ആ സംഘത്തിലെ ആർക്കും വീടോ അന്നന്നത്തെ ആഹാരത്തിന് വകയോ ഉണ്ടായിരുന്നില്ല. ശരീരം പൂർണമായും മറയുന്ന ഒരു വസ്ത്രം അവരുടെ എക്കാലത്തെയും വലിയ സ്വപ്നമായിരുന്നു. ചുമലിൽ കെട്ടിവെച്ചാൽ മുട്ടറ്റംവരെ മാത്രം എത്തുന്നതായിരുന്നു അവരിൽ പലരുടെയും വസ്ത്രം. നാണം വെളിപ്പെടുമോ എന്നാശങ്കിച്ച് വസ്ത്രത്തിന്റെ അറ്റങ്ങൾ രണ്ടും അവർ എപ്പോഴും കൂട്ടിപ്പിടിച്ചു. വിശപ്പിനെ തോൽപിക്കാൻ വയറ്റത്ത് കല്ലുകൾ കെട്ടിവെച്ചു. എന്നിട്ടും അവരെ നിരാശ ബാധിച്ചില്ല, അസൂയ അടിപ്പെടുത്തിയില്ല. കാരണം അവർ സ്വപ്നങ്ങൾ വിതച്ചത് ആകാശത്തിനും അപ്പുറത്തേക്കാണ്. ദുൻയാവിലല്ല, ആഖിറത്തിലാണവയുടെ കൊയ്ത്ത്. അത് വിളയിച്ചെടുക്കുന്ന തിരക്കിൽ ദുൻയാവിന്റെ പോറലും കീറലും അവരെ അലോസരപ്പെടുത്തിയില്ല. അവർ തിരക്കിലായിരുന്നു. ''തീർച്ചയായും അവർ നല്ല കാര്യങ്ങളിൽ ആവേശം കാണിക്കുന്നവരായിരുന്നു. പേടിയോടെയും പ്രതീക്ഷയോടെയും നമ്മോട് പ്രാർഥിക്കുന്നവരും താഴ്മ കാണിക്കുന്നവരുമായിരുന്നു'' (*അൽഅമ്പിയാഅ്:* 90).

ഒരു വിശ്വാസിക്ക് ഉന്നതരുടെ ആഡംബര ജീവിതം ആകർഷകമാവുകയില്ല എന്നല്ല ഇതിനർഥം, അത്തരം ഇടങ്ങളുടെ സ്വാധീനം കുറക്കാനാവശ്യമായത് ചെയ്യണമെന്നാണ്. ഇബ്നു ഹജർ ഉദ്ധരിക്കുന്ന ഒരു ഹദീസിൽ, 'ധനവാന്മാരുടെ സദസ്സുകളിൽ ചെല്ലുന്നത് നിങ്ങൾ കുറക്കുക. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ നിസ്സാരമായി കാണാതിരിക്കാൻ ഏറ്റവും നല്ലത് അതാണ്' എന്നുണ്ട്. പരലോകചിന്ത കൊണ്ട് അത്തരം പ്രലോഭനങ്ങളെ മറികടക്കാനാണ് ഖുർആന്റെ ശാസന: ''അവരിലെ വിവിധ വിഭാഗങ്ങൾക്ക് നാം നൽകിയ സുഖഭോഗങ്ങളിൽ നീ കണ്ണുവെക്കേണ്ടതില്ല. അവരെപ്പറ്റി ദുഃഖിക്കേണ്ടതുമില്ല. സത്യവിശ്വാസികൾക്ക് നീ നിന്റെ ചിറക് താഴ്ത്തിക്കൊടുക്കുക'' (*ത്വാഹാ:* 131).

ജീവിതം അയത്നലളിതമായി

കൊണ്ടുനടത്താനും മനസ്സമാധാനമു ണ്ടാവാനും ഏറ്റവും നല്ല മാർഗമാണ് ഹദീസിന്റെ രണ്ടാം പാദം പറഞ്ഞുത രുന്നത്. സമൂഹത്തിലെ ദുരിതബാധിതർ, തൊഴിലില്ലാത്തവർ, രണ്ടറ്റം മുട്ടിക്കാൻ പാടുപെടുന്നവർ, വീടില്ലാത്തവർ, വാ ടക കൊടുക്കാനില്ലാതെ തെരുവിലുറ ങ്ങുന്നവർ, തൊഴിലിടങ്ങൾ നഷ്ടപ്പെട്ട് നാടണയാനായി റോഡായ റോഡൊ ക്കെ തെണ്ടിത്തിരിയാൻ വിധിക്കപ്പെട്ട വർ, ഇണതുണകളില്ലാതെ ഒറ്റപ്പെട്ടവർ, വാർധക്യം യാതനയായവർ, വൈധവ്യം എല്ലാ സുഖങ്ങളും കെടുത്തിക്കളഞ്ഞ വർ, രോഗം കൊണ്ടും അംഗവൈകല്യം കൊണ്ടും പ്രയാസപ്പെടുന്നവർ, എല്ലാ മുണ്ടായിട്ടും ഒരിറക്ക് വെള്ളം പോലും ഇറക്കാനാവാത്തവർ അവിടെയാണ് ജീവിതം തെരയേണ്ടത്, അകക്കണ്ണ് തു റന്ന് അവരെയാണ് കാണേണ്ടത്, നമ്മെ തുലനം ചെയ്യേണ്ടത് അവരോടാണ്. അപ്പോഴുണ്ടാവുന്ന തിരിച്ചറിവാണ് ജീവി തം എന്തെന്ന് ചൊല്ലിത്തരേണ്ടത്. ജീവി തം ഇതല്ലെന്നും വരാനുള്ളതാണെന്നും അങ്ങനെയാണ് ബോധ്യം വരേണ്ടത്. അ തിലൂടെ ലഭിക്കുന്ന സന്തോഷമുണ്ടല്ലോ, അതാണ് നമുക്ക് ആശ്വാസവും മനസ്സ മാധാനവും പ്രദാനം ചെയ്യുക.

അതിനാലാണ് ഇമാം ത്വബരിയെ ഉദ്ധരിച്ച് ഖാദി ഇയാദ് പറഞ്ഞത്: 'ഈ ഹദീസ് എല്ലാ നന്മകളുടെയും സമാഹാ രമാകുന്നു. തന്നേക്കാൾ മെച്ചപ്പെട്ട സൗ കര്യങ്ങളുള്ള ഉന്നതരെ കാണുമ്പോൾ, അടിമ അവരോടൊപ്പമെത്താനായി കൊതിക്കും. പെടാപാടുപെടും. തന്റെ അവസ്ഥയിൽ പരിതപിക്കും. എന്നാൽ താഴെ കിടയിലുള്ളവരെ കണ്ടാലോ ത നിക്ക് അല്ലാഹു നൽകിയ അനുഗ്രഹ ങ്ങൾ അവൻ തിരിച്ചറിയും. അതിന് നന്ദി പ്രകടിപ്പിക്കാനായി സ്ഥിരനിഷ്ഠയോടെ അത്യധ്വാനം ചെയ്യും.'

അതിനാൽ അസൂയയുടെയും പക യുടെയും ഉമിത്തീയിൽ എരിഞ്ഞുതീര ണോ; അതല്ല സമാധാനത്തിന്റെയും ശാശ്വത വിജയത്തിന്റെയും വഴിയിൽ മുന്നേറണമോ എന്ന് നമുക്കോരോരുത്തർ ക്കും തീരുമാനിക്കാം അതാണ് ഈ നബിവചനം നൽകുന്ന സന്ദേശം. ●

+91 97474 56118